**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810</u>** **<u>17-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>നെല്ലിക്കോട് വനിതാ സഹകരണ സംഘം തട്ടിപ്പ് നടത്തിയ സംഭവം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നെല്ലിക്കോട് വനിതാ സഹകരണ സംഘം വ്യാജ ബോണ്ട് നൽകി കോടികളുടെ തട്ടിപ്പ് നടത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>നെല്ലിക്കോട് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2903 ൽ നടത്തിയ പരിശോധനയിൽ 16,50,000 രൂപയുടെ സ്ഥിര നിക്ഷേപം ബോണ്ടുകൾ ഹാജരാക്കാതെ പിൻവലിച്ചതായും സംഘത്തിൽ പണയം വച്ച 6 പായ്ക്കറ്റ് പണയപണ്ടങ്ങൾ (358.9 ഗ്രാം സ്വർണ്ണം) നഷ്ടപ്പെട്ടതായും കണ്ടെത്തിയിട്ടുണ്ട്. സംഘം വ്യാജ ബോണ്ട് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ വിഷയത്തിൽ സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് കണ്ടെത്തലുകൾ എന്ന് വ്യക്തമാക്കുമോ; ഇതിന്മേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ലക്കോട് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2903 ൽ നടത്തിയ പ്രാഥമിക പരിശോധനയിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിന് സഹകരണനിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ ക്രമക്കേടുകൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (സി) | കബളിപ്പിക്കപ്പെട്ട നിക്ഷേപകർക്ക് നിക്ഷേപത്തുക തിരികെ നൽകുന്നതിനും ഉത്തരവാദികളായ സഹകരണ സംഘം ജീവനക്കാർക്കും ഭരണസമിതിക്കും എതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | നിയമപ്രകാരം നിക്ഷേപകർക്ക് ലഭിക്കേണ്ട തുക ലഭിക്കുന്നതിനും കുറ്റക്കാരായ ആളുകളെ കണ്ടെത്തി അവരിൽ നിന്നും സഹകരണ നിയമപ്രകാരം തുക ഈടാക്കുന്നതിന് സഹകരണനിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ